# കൈത്താക്കാലം
## വചന വിചിന്തനം
### മൂശക്കാലം : ഒന്നാം ഞായർ
### മത്താ 20,1–16

"കരാറനുസരിച്ചുള്ള വേദനം വാങ്ങുമ്പോൾ
അവർ യജമാനനെതിരെ പിറുപിറുത്തു.
തങ്ങൾക്ക് കുറഞ്ഞിട്ടുമില്ല... മറ്റുള്ളവർക്ക് കൂടിയിട്ടുമില്ല...
പക്ഷെ, പ്രശ്നം തങ്ങൾക്കും അവസാനം വന്നവർക്കും
ഒരേ കൂലി തന്നെയാണ് കിട്ടിയത് എന്നതാണ്.
ഇതിന്റെ പേരാണ് അസൂയ!"

ക്ഷമയോടെ കാത്തിരിക്കുന്നവൻ അനുഗ്രഹീതരാകും എന്നുളളതിനുളള തെളിവാണ് പതിനൊന്നാം മണിക്കൂറ് വരെ കാത്തിരുന്നവർ. അവർക്കും ദൈവം ഒരു ദിവസത്തിന്റെ മുഴുവൻ കൂലിയും നൽകി അനുഗ്രഹിച്ചു...

ക്രിസ്തു മനുഷ്യനായി അവതരിച്ചു. ക്രിസ്തു മനുഷ്യനായി അവതരിച്ചതിന് ഒറ്റ ലക്ഷ്യം മാത്രമെ ഉണ്ടായിരുന്നൊള്ളു; "മനുഷ്യന് രക്ഷ സമ്മാനിക്കാൻ സ്വർഗ്ഗരാജ്യത്തിന്റെ നീതിദർശനം ഭൂമിയിൽ പങ്കുവയ്ക്കുക." എങ്കിൽ, മുന്തിരിത്തോട്ടത്തിലെ ജോലിക്കാരുടെ ഉപമയിലൂടെ ക്രിസ്തു പങ്കുവയ്ക്കുന്നതും ദൈവരാജ്യത്തിന്റെ നീതിബോധം തന്നെയാണ്. ആദ്യം വന്നവനെയും അവസാനം വന്നവനെയും ഒരുപ്പോലെ കാക്കുന്ന, പരിപാലിക്കുന്ന നീതിബോധം.

ക്രിസ്തു പറയുന്നു; സ്വർഗരാജ്യം, തൻെറ മുന്തിരിത്തോട്ടത്തിലേക്കു ജോലിക്കാരെ വിളിക്കാൻ അതിരാവിലെ പുറപ്പെട്ട വീട്ടുടമസ്ഥനു സദൃശമാണ്. ദിവസം ഒരു ദനാറ വീതം വേതനം നൽകാമെന്ന കരാറിൽ യജമാനൻ പണിക്കാരെ മുന്തിരിത്തോട്ടത്തിലേക്ക് അയച്ചു. ഇപ്രകാരം തന്നെ മൂന്നാം മണിക്കൂറിലും ആറാം മണിക്കൂറിലും ഒമ്പതാം മണിക്കൂറിലും പതിനൊന്നാം മണിക്കൂറിലും യജമാനൻ പുറത്തിറങ്ങുമ്പോൾ പണിക്കാരെ കാണുകയും മുന്തിരിത്തോട്ടത്തിലേയ്ക്കും അയക്കുകയും ചെയ്യുന്നു. വൈകുന്നേരമായപ്പോൾ മുന്തിരിത്തോട്ടത്തിൻെറ ഉടമസ്ഥൻ കാര്യസ്ഥനോടു പറഞ്ഞു: ജോലിക്കാരെ വിളിച്ച് അവസാനം വന്നവർക്കു തുടങ്ങി ആദ്യം വന്നവർക്കുവരെ കൂലി കൊടുക്കുക. പതിനൊന്നാം മണിക്കൂറിൽ വന്നവർക്ക് ഓരോ ദനാറ ലഭിച്ചു. എന്നാൽ ആദ്യം വന്നവർ കരുതി തങ്ങൾക്കു കൂടുതൽ ലഭിക്കുമെന്ന്. എന്നാൽ, അവർക്കും ഓരോ ദനാറ തന്നെ കിട്ടി. അതു വാങ്ങുമ്പോൾ അവർ വീട്ടുടമസ്ഥനെതിരേ ഇപ്രകാരം പറഞ്ഞ് പിറുപിറുത്തു;

"അവസാനം വന്ന ഇവർ ഒരു മണിക്കൂറേ ജോലി ചെയ്തുള്ളു; എന്നിട്ടും പകലിൻെറ അധ്വാനവും ചൂടും സഹിച്ച ഞങ്ങളോട് അവരെ നീ തുല്യരാക്കിയല്ലോ!"

ഇതു കേൾക്കുന്ന യജമാനൻ പണിക്കാരിൽ ഒരുവനോട് ഇങ്ങനെ മറുപടി പറഞ്ഞു:

"സ്നേഹിതാ, ഞാൻ നിന്നോട് ഒരനീതിയുംചെയ്യുന്നില്ല. ഒരു ദനാറയ്ക്കല്ലേ നീ എന്നോടു സമ്മതിച്ചിരുന്നത്? നിനക്ക് അവകാശപ്പെട്ടതു വാങ്ങിക്കൊണ്ടു പൊയ്ക്കൊള്ളുക. അവസാനം വന്ന ഇവനും നിനക്കു നൽകിയതുപോലെതന്നെ കൊടുക്കാനാണ് എനിക്കിഷ്ടം. എൻെറ വസ്തുവകകൾകൊണ്ട് എനിക്കിഷ്ടമുള്ളതു ചെയ്യാൻ പാടില്ലെന്നോ? ഞാൻ നല്ലവനായതുകൊണ്ട് നീ എന്തിന് അസൂയപ്പെടുന്നു?"

ആദ്യം വന്നവനെയും അവസാനം വന്നവനെയും ഒരേ തൊഴുത്തിൽ കെട്ടുന്ന കർത്താവ് മനുഷ്യന്റെ നീതി സങ്കൽപ്പത്തെ തച്ചുടയ്ക്കുകയാണ്. അർഹതപ്പെട്ടത് നൽകുന്നത് കടമ മാത്രമാണ്. എന്നാൽ, അതിനപ്പുറം കാണാൻ കഴിവുള്ളവനും പങ്കുവയ്ക്കാൻ കഴിവുള്ളവനുമാണ് നീതിമാൻ. ക്രിസ്തു ചോദിക്കുന്ന ചോദ്യം ഇന്നും പ്രസക്തമാണ്;

''സ്നേഹിതാ, ഞാൻ നിന്നോട് എന്തെങ്കിലും അനീതി ചെയ്യുന്നുണ്ടോ? ഒരു ദനാറയ്ക്കല്ലേ നീ എന്നോടു സമ്മതിച്ചിരുന്നത്? നിനക്ക് അവകാശപ്പെട്ടതു ഞാൻ നൽകിയില്ലേ? അവസാനം വന്ന ഇവനും നിനക്കു നൽകിയതുപോലെതന്നെ കൊടുക്കാനാണ് എനിക്കിഷ്ടം. എൻെറ വസ്തുവകകൾകൊണ്ട് എനിക്കിഷ്ടമുള്ളതു ചെയ്യാൻ പാടില്ലെന്നോ? ഞാൻ നല്ലവനായതുകൊണ്ട് നീ എന്തിന് അസൂയപ്പെടുന്നു?''

മനുഷ്യന്റെ അസൂയ അവന്റെ നാശത്തിന് കാരണമായിട്ടുണ്ട്. കായേന്റെയും ആബേലിന്റെയും ജീവിതത്തിലേയ്ക്ക് കണ്ണോടിക്കുക. ഒരിക്കൽ കായേൻ തൻെറ വിളവിൽ ഒരു ഭാഗം കർത്താവിനു കാഴ്ച സമർപ്പിച്ചു. ആബേൽ തൻെറ ആട്ടിൻകൂട്ടത്തിലെ കടിഞ്ഞൂൽക്കുഞ്ഞുങ്ങളെയെടുത്ത് അവയുടെ കൊഴുപ്പുള്ള ഭാഗങ്ങൾ അവിടുത്തേക്കു കാഴ്ചവച്ചു. ആബേലിലും അവൻെറ കാഴ്ച വസ്തുക്കളിലും ദൈവം പ്രസാദിച്ചു. എന്നാൽ, കായേനിലും അവൻെറ കാഴ്ച വസ്തുക്കളിലും അവിടുന്നു പ്രസാദിച്ചില്ല. ഇതു കായേനെ അത്യധികം കോപിപ്പിച്ചു. അവൻെറ മുഖം കറുത്തു. കർത്താവു കായേനോടു ചോദിച്ചു: നീ കോപിച്ചിരിക്കുന്നതെന്തുകൊണ്ട്? നിൻെറ മുഖം വാടിയിരിക്കുന്നതെന്തുകൊണ്ട്? ഉചിതമായി പ്രവർത്തിച്ചാൽ നീയും സ്വീകാര്യനാവുകയില്ലേ? നല്ലതുചെയ്യുന്നില്ലെങ്കിൽ പാപം വാതിൽക്കൽത്തന്നെ പതിയിരിപ്പുണ്ടെന്ന് ഓർക്കണം.

> **അവസാനം വന്നവർക്കും ആദ്യം വന്നവന്റെ വേതനം ദൈവം നൽകി. എന്നാൽ, അവസാന മണിക്കൂറിൽ മാനസാന്തരപ്പെട്ടാൽ മതിയോ? ഇത് തെറ്റാണ്. ക്രിസ്തുവിന്റെ പഠനങ്ങൾക്ക് എതിരുമാണ്!**

തുടർന്ന് സംഭവിക്കുന്നത് ഇപ്രകാരമാണ്; ഒരു ദിവസം കായേൻ തൻെറ സഹോദരൻ ആബേലിനോടു പറഞ്ഞു: നമുക്കു വയലിലേക്കു പോകാം. അവർ വയലിലായിരിക്കേ കായേൻ ആബേലിനോടു കയർത്ത് അവനെകൊന്നു. കർത്താവു കായേനോടു ചോദിച്ചു: ''നിൻെറ സഹോദരൻ ആബേൽ എവിടെ?'' അവൻ പറഞ്ഞു: "എനിക്കറിഞ്ഞുകൂടാ. സഹോദരൻെറ കാവൽക്കാരനാണോ ഞാൻ?'' എന്നാൽ, കർത്താവു പറഞ്ഞു:

''നീയെന്താണു ചെയ്തത്? നിൻെറ സഹോദരൻെറ രക്തം മണ്ണിൽനിന്ന് എന്നെ വിളിച്ചു കരയുന്നു. നിൻെറ കൈയിൽനിന്നു നിൻെറ സഹോദരൻെറ രക്തം കുടിക്കാൻ വായ് പിളർന്ന ഭൂമിയിൽ നീ ശപിക്കപ്പെട്ടവനായിരിക്കും'' (ഉൽപ്പത്തി 4,3-11).

ഇന്നു കുടുംബങ്ങളിലും സംഭവിക്കുന്നത് ഇത് തന്നെയാണ്; വീട്ടുക്കാർ തമ്മിലും, നാട്ടുക്കാർ തമ്മിലും, അയൽക്കാർ തമ്മിലും, ബന്ധുക്കൾ തമ്മിലും അസൂയ അതിന്റെ കൊടുംബിരി കൊണ്ടിരിക്കുകയാണ്. കുറച്ച് ദിവസം മുമ്പ് വായിച്ച രസകരാമയ ഒരു കഥയുണ്ട്. അത് ഇപ്രകാരമാണ്.

ചന്ദ്രേട്ടൻ വലിയൊരു ഓഫീസിലെ മാനേജരാണ്. എന്നും വൈകീട്ട് വീട്ടിലേക്ക് വരുന്ന വഴി വൈൻ ഷോപ്പിൽ നിന്ന് ഒരു ക്വാർട്ടർ വിസ്കി വാങ്ങി വരും. ഒരുപാട് സൗഹൃദങ്ങളില്ലാത്ത ചന്ദ്രേട്ടൻ എന്നും വീട്ടിലിരുന്ന്, ടി വിയും കണ്ട് ഒറ്റക്ക് മദ്യപിക്കാനാണ് ഇഷ്ടപ്പെട്ടിരുന്നത്.

നാളേറെ കഴിഞ്ഞപ്പോൾ, ലതികേച്ചിക്ക് ആധിയായി. ഭർത്താവിനെ ഒരുപാട് സ്നേഹിക്കുന്ന അവർക്ക് ഭർത്താവിന്റെ സ്ഥിരം മദ്യപ

ാനം അത്രക്കങ്ങ് പിടിച്ചില്ല. ഭാര്യയല്ലാതെ മറ്റാരാണ് ഭർത്താവിന്റെ ആരോഗ്യം നോക്കുക.!! അങ്ങനെ കശപിശ പതിവായി. കശപിശ മൂത്തു മൂത്തു വന്നു. ലതികേച്ചിയുടെ ശകാരവർഷങ്ങൾ അതിരുകടക്കാൻ തുടങ്ങിയപ്പോൾ ചന്ദ്രേട്ടന് മനസ്സിലായി കുടുംബജീവിതം താളം തെറ്റാൻ പോവുകയാണെന്ന്.

അന്ന്, ചന്ദ്രേട്ടൻ പതിവുപോലെ ക്വാർട്ടർ വാങ്ങാതെ വീട്ടിലെത്തി. കശപിശക്കായി കുപ്പിയും കാത്തിരുന്ന ലതികേച്ചിക്ക് അത് ഞെട്ടലുണ്ടാക്കുന്ന സംഭവമായിരുന്നു. തന്റെ ഭർത്താവ് മദ്യപാനം ഉപേക്ഷിച്ചെന്നോ!!! അവർക്ക് വിശ്വസിക്കാനായില്ല. എന്നാലും, ആ മനസ്സ് സന്തോഷത്തിൽ ആറാടി. സ്നേഹപൂർവ്വം ചന്ദ്രേട്ടന്റെ അടുത്ത് ചെന്ന് ആ തോളിലൂടെ കൈയ്യിട്ട്, സോഫയുടെ കൈയ്യിലിരുന്നു. പിന്നെ, ഇനിയും ബാക്കി നിൽക്കുന്ന ഏതാനും മുടിയിഴകളിലൂടെ കയ്യോടിച്ച് അവർ ചോദിച്ചു.

"സത്യമായും ചന്ദ്രേട്ടൻ കുടിക്കേണ്ടെന്ന് തീരുമാനിച്ചോ?"

"ഉം" ഒരു മൂളൽ മാത്രമായിരുന്നു മറുപടി. പിന്നെ അയാൾ ന്യൂസ് ചാനലിൽ കണ്ണും നട്ടിരുന്നു തെരഞ്ഞെടുപ്പ് അവലോകനം ശ്രദ്ധിച്ചു. ന്റെ കർത്താവേ.... ന്റെ പ്രാർത്ഥന കേട്ടല്ലോ... ലതികേച്ചി മനസ്സിൽ നന്ദി പറഞ്ഞു. പിന്നെ ചന്ദ്രേട്ടനോടായി ഒരു ചോദ്യം;

"ന്താ ചന്ദ്രേട്ട പെട്ടെന്ന് ഇങ്ങനെ തോന്നാൻ?"

"ഞാൻ ഇന്നാളു പറഞ്ഞില്ലെ ഓഫീസിൽ പുതിയൊരു അസിസ്റ്റന്റ് ജോയിൻ ചെയ്തെന്ന്: ഒരു നിമ്മി." ടെലിവിഷനിൽ നിന്നും കണ്ണെടുക്കാതെ അയാൾ തുടർന്നു, "അവൾ ഇന്ന് എന്നോടു പറയുകയാ, സ്ഥിരം മദ്യപിക്കുന്നതുകൊണ്ടാണ് മുഖമൊക്കെ ഇങ്ങനെ വിങ്ങി ഇരിക്കുന്നതെന്ന്. മദ്യപാനം നിർത്താൻ അവൾ പറഞ്ഞു. വെറും ഒരുമാസം കൊണ്ട് മുഖത്തിലെ വിങ്ങലൊക്കെ മാറി പത്ത് വയസ്സ് കുറഞ്ഞതുപോലെ തോന്നുമത്രെ!'

മറുപടിയൊന്നും പറയാതെ ലതികേച്ചി മുറിയിലേക്ക് കയറിപ്പോയി. തിരിച്ചു വന്ന് ഒരു അഞ്ഞൂറിന്റെ നോട്ടെടുത്ത് ചന്ദ്രേട്ടന് നേരെ നീട്ടി സ്നേഹത്തോടെ പറഞ്ഞു.

"ചന്ദ്രേട്ടാ, ഒരു തേങ്ങയും ഒരു പാക്കറ്റു പാലും വാങ്ങിക്കൊണ്ടുവരു. പിന്നെ, ചന്ദ്രേട്ടൻ സ്ഥിരം കുടിക്കാറില്ലെ, അതുകൂടി ഒന്നു വാങ്ങിക്കോളൂ. പെട്ടെന്ന് കുടി നിർത്തിയാൽ ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാകുമെന്ന് ഞാൻ വനിതയിലോ ഗൃഹലക്ഷ്മിയിലോ മറ്റോ വായിച്ചിട്ടുണ്ട്. എന്റെ ഭർത്താവിന്റെ ആരോഗ്യം ഞാൻ തന്നെ നോക്കേണ്ടത്!"

എല്ലാം തീർന്നു എന്നുതോന്നുന്ന നിമിഷങ്ങളിൽ ദൈവം ഇടപെടും. അവസാനം വരെ കാത്തുനിൽക്കുന്നവരാണ് രക്ഷപ്പെടുക!

നോക്കുക, അസൂയ കുടുംബത്തെ നാശത്തിലേയ്ക്ക് തള്ളിവിടുന്നത്. കരാറനുസരിച്ചുള്ള വേദനം വാങ്ങുമ്പോൾ പണിക്കാർ യജമാനനെതിരെ പിറുപിറുത്തുവെങ്കിൽ അതിന് ഒറ്റ കാരണം മാത്രമെയൊള്ളു; തങ്ങൾക്കും അവസാനം വന്നവർക്കും ഒരേ കൂലി തന്നെയാണ് കിട്ടിയത്. ഈ അസൂയ അതിജീവിക്കാനും മറ്റുള്ളവരുടെ സമൃദ്ധിയിൽ സന്തോഷിക്കാനും സാധിക്കുമ്പോഴാണ് സമൃദ്ധിയുണ്ടാകുന്നത്.

"നിന്റെ ഹൃദയം പാപികളെ നോക്കിഅസൂയപ്പെടരുത്;
എപ്പോഴും ദൈവഭക്തിയിൽഉറച്ചുനിൽക്കുക!"

സൂഭാ 22,13

ഫാ. ജോബി മേനോത്ത്
+91 944 7777 931